ഉത്തരം

(എ) ഉണ്ട്.

(ബി) ബോക്സൈറ്റ്, ചീനക്കളിമൺ നിക്ഷേപങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) കാസർഗോഡ് ജില്ലയിലെ അനന്തപുരത്ത് ബോക്സൈറ്റ് നിക്ഷേപത്തെക്കുറിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ പര്യവേക്ഷണം നടത്തി ഒരു നിക്ഷേപം തിട്ടപ്പെടുത്തിയിട്ടുണ്ട്. മീഞ്ചന്ത പഞ്ചായത്തിലെ പര്യവേക്ഷണം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് തുടർന്നുവരുന്നു.

(ഡി) അനന്തപുരത്ത് ബോക്സൈറ്റ് നിക്ഷേപം കുറഞ്ഞതോതിൽ മാത്രമാണുള്ളത്. സമീപസ്ഥലങ്ങളിൽ ബോക്സൈറ്റ് അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുകയാണെങ്കിൽ അനന്തപുരം ബോക്സൈറ്റും ഇതിനുപയോഗിക്കാവുന്നതാണ്. മീഞ്ചന്ത ഭാഗത്ത് പര്യവേക്ഷണം പൂർത്തിയാക്കിയശേഷം മാത്രമേ ഇവയുടെ വ്യാവസായിക ഉപയോഗം തീരുമാനിക്കാൻ കഴിയുകയുള്ളൂ.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

41 [503] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ഫലമായി എത്രപേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) & (ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായ ഒരു തൊഴിൽ നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടുതൽ നിക്ഷേപകരെ ആകർഷിക്കുവാൻ സഹായകമായ ഒരു നിക്ഷേപസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുവാൻ സഹായിക്കുന്ന ഒരു തൊഴിൽ നിയമം നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി കൊച്ചിയിൽവച്ച് ഒരു വിപുലമായ സമ്മേളനം നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി സംസ്ഥാന വ്യവസായ വകുപ്പിനും വ്യവസായ വികസന കോർപ്പറേഷനും നിരവധി ഓഫറുകൾ ലഭിച്ചിട്ടുണ്ട്.

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള 'കെസ്റു' 99 എന്ന സ്വയംതൊഴിൽ പദ്ധതിപ്രകാരം ഒരു വർഷം രൂപവരെ വായ്പ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 'കെസ്റു' പദ്ധതിപ്രകാരം 1867 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. മറ്റു മേഖലകളിലെ തൊഴിലവസരങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല.

തൊഴിൽ വകുപ്പുമുഖേനയുള്ള പെൻഷൻ പദ്ധതികൾ

42 |504| *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പുമുഖേന നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാമെന്നും ഗുണഭോക്താക്കൾ എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പെൻഷൻ പദ്ധതികളിൽ ഏതെങ്കിലും പദ്ധതിയുടെ പ്രതിമാസ പെൻഷൻ തുക 2001 മേയ് മാസത്തിനുശേഷം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഈ പെൻഷൻ പദ്ധതികളിൽ ഓരോന്നിലും എത്രമാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇവ ഓരോന്നും വിതരണം ചെയ്യുന്നതിന് എത്ര തുകവീതം ആവശ്യമായിവരുമെന്നും വെളിപ്പെടുത്തുമോ;

(ഡി) 2001 മേയ് മാസത്തിനുശേഷം പുതുതായി ഏതെങ്കിലും പെൻഷൻ പദ്ധതി ആരംഭിക്കുകയുണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) തൊഴിൽ വകുപ്പുമുഖേന നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കർഷകത്തൊഴിലാളി പെൻഷൻ.
2. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 60 വയസ്സുകഴിഞ്ഞ ചുരുട്ടു തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ.
3. കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് നിലവിൽവരുന്നതിനുമുൻപ് സർവ്വീസിൽനിന്നും വിരമിച്ച സ്റ്റാഫിനും തൊഴിലാളികൾക്കുമുള്ള പെൻഷൻ.

ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

കർഷക തൊഴിലാളി പെൻഷൻ	:	532,987
ചുരുട്ടുതൊഴിലാളി പെൻഷൻ	:	440
കശുവണ്ടി തൊഴിലാളി പെൻഷൻ:		11,393

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly